# THE PLANTATION CORPORATION OF KERALA LTD

**ഇ-ടെണ്ടറിലൂടെ കശുമാവ് ബ്ലോക്കുകളുടെ ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

1. **കാസറഗോഡ് / അതിരപ്പിള്ളി എസ്റ്റേറ്റുകളിലേക്ക്** ഇ-ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയതി 29.12.2025 11:30 എ.എം വരെയാണ്. ഇ-ഓക്ഷൻ ഓരോ ബ്ലോക്കിനും നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിൽ ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
2. **രാജപുരം / കല്ലാല എസ്റ്റേറ്റുകളിലേക്ക്** ഇ-ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയതി 05.01.2026 11:30 എ.എം വരെയാണ്. ഇ-ഓക്ഷൻ ഓരോ ബ്ലോക്കിനും നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിൽ ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
3. **ചീമേനി / പേരാമ്പ്ര എസ്റ്റേറ്റുകളിലേക്ക്** ഇ-ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയതി 07.01.2026 02:30 പി.എം വരെയാണ്. ഇ-ഓക്ഷൻ ഓരോ ബ്ലോക്കിനും നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിൽ ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
4. ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളവർക്ക് ഇ-ഓക്ഷൻ തുടങ്ങുന്ന സമയം ഇ-ടെണ്ടർ പോർട്ടലിൽ കയറി "View Live Auction" മുഖേന ഇ-ഓക്ഷനിൽ പങ്കെടുക്കാവുന്നതാണ്.
5. View Live Auction സ്ക്രീനിൽ ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന തുക കാണാവുന്നതും താല്പര്യപ്പെടുന്ന പക്ഷം വർദ്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്കും (increment value), ഇ-ഓക്ഷൻ അവസാനിക്കുന്ന സമയവും കാണാവുന്നതാണ്.
6. ഇ-ടെണ്ടറിൽ ലഭിച്ചിട്ടുള്ള ഏറ്റവും ഉയർന്ന തുക വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിർദ്ദിഷ്ട കോളത്തിൽ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന തുക (increment value) ഉയർന്ന തുകയോട് കൂട്ടി ഇ-ഓക്ഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്. (വർദ്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ തുക 1000/- രൂപ ആയിരിക്കും)
7. ഇ-ഓക്ഷൻറെ അവസാന പത്ത് മിനിറ്റിൽ ആരും തുക ഉയർത്തിയില്ലെങ്കിൽ ഇ-ഓക്ഷൻ മുൻ നിശ്ചയിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. എന്നാൽ ഇ-ഓക്ഷന്റെ അവസാന പത്ത് മിനിറ്റിൽ ആരെങ്കിലും 1,000/- രൂപയോ അതിൽ കൂടുതലോ രേഖപ്പെടുത്തിയാൽ ഇ-ഓക്ഷൻ ഓട്ടോമാറ്റിക്കായി വീണ്ടും 10 മിനിറ്റ് ദീർഘിപ്പിക്കപ്പെടുന്നതാണ്.
8. ഇ-ഓക്ഷന് ശേഷം ലഭിച്ചിട്ടുള്ള സീൽഡ് ടെണ്ടറുകൾ മുൻ നിശ്ചയിച്ചിട്ടുള്ള തീയതികളിൽ അതാത് എസ്റ്റേറ്റുകളിൽ തുറക്കുന്നതും, ഇവ രണ്ടിലുമായി ലഭിച്ചിട്ടുള്ള കൂടിയ തുക ആ ബ്ലോക്കിലേക്കുള്ള ഉയർന്ന തുകയായി കണക്കാക്കുന്നതുമാണ്.

**ഇ-ടെണ്ടർ പോർട്ടലിലൂടെ ഇ-ടെൻഡർ സമർപ്പിക്കുന്നവർക്ക് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുകയുള്ളൂ.** ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ വഴിയുള്ള സേവനം ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

മേൽ വിവരിച്ചവ സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ടെണ്ടർ സമർപ്പിക്കുന്ന സമയത്ത് ഉണ്ടായാൽ താഴെപ്പറയുന്ന ഏതെങ്കിലും നമ്പറുകളിൽ വിളിക്കാവുന്നതാണ്: **9496076003, 9496076070, 9496076063, 9496076066, 9446128315, 9447850027**

NB: *എസ്റ്റേറ്റ് മാനേജർമാർ അവരുടെ എസ്റ്റേറ്റുകളിൽ മുൻ കാലങ്ങളിൽ പങ്കെടുത്തിട്ടുള്ള കരാറുകാരെയും, പുതിയതായി വരുന്നവരെയും ഇ-ടെണ്ടറിൽ പങ്കെടുക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ച് മുൻകൂട്ടി ബോധ്യപ്പെടുത്തേണ്ടതാണ്.*